# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2493

07.02.2019-ൽ മറുപടിയ്ക്ക്

### ഊരാളുങ്കൽ സൊസൈറ്റിയുടെ ഘടന

**ചോദ്യം**

**ശ്രീ.പി.ടി. തോമസ്**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ഊരാളുങ്കൽ സൊസൈറ്റിയുടെ ഘടന എന്താണെന്നും ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരെല്ലാമെന്നും വിശദമാക്കുമോ; ഇതിൽ സർക്കാർ നോമിനികൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(എ) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം കേരള സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്ത് 1925 മുതൽ പ്രവർത്തിക്കുന്ന ഒരു പ്രൈമറി ലേബർ കോൺട്രാക്ട് സഹകരണ സംഘമാണ്.

സംഘത്തിൽ പ്രവർത്തിക്കുന്ന 'എ' ക്ലാസ്സ് മെമ്പർമാരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഭരണ സമിതിയിൽ നിലവിൽ 9 ജനറൽ കാറ്റഗറിയും, 3 വനിതാ സംവരണവും 1 പട്ടികജാതി പട്ടികവർഗ്ഗ സംവരണവും കൂടി ആകെ 13 അംഗങ്ങളാണ്. നിലവിൽ ഒരു വനിതാ സംവരണ സീറ്റ് ഒഴികെ 12 അംഗ ഭരണസമിതിയാണുള്ളത്.

**നിലവിലുള്ള ഭരണസമിതി അംഗങ്ങളുടെ പട്ടിക**

| ക്രമ നം. | പേര് | |
|---|---|---|
| 1 | രമേശൻ. പി | ചെയർമാൻ |
| 2 | അനന്തൻ. വി.കെ | വൈസ് ചെയർമാൻ |
| 3 | വൽസൻ.സി | ഡയറക്ടർ |
| 4 | സുരേന്ദ്രൻ.എം.എം | ഡയറക്ടർ |
| 5 | പ്രകാശൻ.പി | ഡയറക്ടർ |
| 6 | പത്മനാഭൻ.എം | ഡയറക്ടർ |

| | | |
|---|---|---|
| 7 | സുരേഷ് ബാബു.പി.കെ | ഡയറക്ടർ |
| 8 | അജി.കെ.ടി.കെ | ഡയറക്ടർ |
| 9 | രാജൻ.കെ.ടി | ഡയറക്ടർ |
| 10 | അനൂപ ശശി | ഡയറക്ടർ |
| 11 | ശ്രീജ മുരളി | ഡയറക്ടർ |
| 12 | ഷിജിൻ.ടി.ടി | ഡയറക്ടർ |

സംഘത്തിന്റെ ഭരണ സമിതിയിൽ സർക്കാർ നോമിനികൾ ഇല്ല.

(ബി) ഈ സൊസൈറ്റിക്ക് എത്ര ഷെയർ ഹോൾഡേഴ്സ് ഉണ്ടെന്നും അവർ ആരെല്ലാമാണെന്നുമുള്ള വിശദാംശം നൽകുമോ;

(ബി) സംഘത്തിൽ നിലവിൽ 5 തരം ഓഹരികളാണ് ഉള്ളത്. ആകെ ഓഹരി ഉടമകൾ 15866 പേർ ആണ്. 31.03.2018ലെ കണക്ക് അനുസരിച്ച് ഓഹരി ഉടമകളുടെ എണ്ണവും ഓഹരി സംഖ്യയുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഓഹരിയുടെ ക്ലാസ്സ് | ഓഹരി ഉടമകളുടെ എണ്ണം. |
|---|---|---|
| 1 | എ ക്ലാസ്സ് (തൊഴിലാളികൾ) | 586 |
| 2 | ബി ക്ലാസ്സ് (ഗവൺമെന്റ്) | 1 |
| 3 | സി ക്ലാസ്സ് (തൊഴിലാളികൾ) | 1518 |
| 4 | ഡി ക്ലാസ്സ് (നാമ മാത്ര അംഗം) | 13761 |
| 5 | ഇ ക്ലാസ്സ് (നാമ മാത്ര അംഗം) | ഇല്ല |

(സി) പ്രസ്തുത സൊസൈറ്റിയുടെ ഓഡിറ്റ് ചുമതല ഏത് ഏജൻസിക്കാണെന്ന് വ്യക്തമാക്കാമോ; ഏതു വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

(സി) സംഘത്തിന്റെ ഓഡിറ്റ് ചുമതല സഹകരണ വകുപ്പിന്റെ ഓഡിറ്റ് വിഭാഗത്തിനാണ്. 2017-18 (31.03.2018) വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ